## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *523

20.11.2019-ൽ മറുപടിയ്ക്ക്.

### ക്ഷീരകർഷകർക്ക് വായ്പ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.അനിൽ അക്കര<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.അൻവർ സാദത്ത് | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ക്ഷീരകർഷകർ അതീവ പ്രതിസന്ധി നേരിടുന്നു എന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) ക്ഷീരകർഷകർ അതീവ പ്രതിസന്ധി നേരിടുന്നില്ല. കർഷകർക്ക് ഉല്പാദന ചെലവിലുണ്ടാകുന്ന വർദ്ധനവ് കണക്കിലെടുത്ത് 2019 ഓഗസ്റ്റ് മാസത്തിൽ പാൽ വില ലിറ്ററിന് 4/- രൂപ വർദ്ധിപ്പിച്ചപ്പോൾ ഉല്പാദകന് 3.35 രൂപ വർദ്ധനവ് ലഭ്യമാകുന്നത് ഉറപ്പ് വരുത്തിയിരുന്നു. ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് ബഹുഭൂരിഭാഗം പഞ്ചായത്തുകളിലും വകുപ്പിന്റേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പദ്ധതി ഉൾപ്പെടെ ആകെ ലിറ്ററിന് 4/- രൂപ വരെ അധിക പാൽവില ലഭിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. ക്ഷീരകർഷകർക്ക് ആശ്വാസമാകുന്ന നിരവധി പദ്ധതികൾ നടപ്പിലാക്കുക വഴി കർഷകരിൽ കൂടുതൽ ആത്മവിശ്വാസം വളർത്തി ഈ മേഖലയിൽ അവരെ നിലനിർത്തുന്നതിനും കൂടുതൽ പേരെ ഈ മേഖലയിലേയ്ക്ക് കൊണ്ടു വരുന്നതിനും കഴിഞ്ഞിട്ടുണ്ട്.<br>സർക്കാരിന്റെ ക്രിയാത്മകമായ ഇടപെടലുകളുടെ ഭാഗമായി 2016-17 ൽ ക്ഷീരസംഘങ്ങളുടെ പാലുല്പാദനം 16.27 ലക്ഷം ലിറ്റർ ആയിരുന്നത് 2018-19 ആയപ്പോഴേക്കും 18.64 ലക്ഷം ലിറ്ററായി ഉയർത്തുന്നതിനും നമ്മുടെ ആവശ്യകതയ്ക്കനുസരിച്ച് ഏകദേശം 80% ത്തിനും മുകളിൽ പാൽ തദ്ദേശീയമായി ഉൽപ്പാദിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. |
| (ബി) ക്ഷീരകർഷകർക്ക് ക്ഷേമനിധി ബോർഡുവഴി നിലവിൽ നൽകുന്ന പെൻഷൻ എത്രയാണ്; അത് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) ക്ഷീരകർഷക ക്ഷേമനിധി പെൻഷൻ 1200/- രൂപയാണ്. പെൻഷൻ തുക ഈ സർക്കാർ അധികാരമേൽക്കുമ്പോൾ 500/- രൂപ ആയിരുന്നതാണ് 1200/- രൂപയായി വർദ്ധിപ്പിച്ചത്. കൂടാതെ പെൻഷൻ ബാധ്യത സർക്കാർ ഏറ്റെടുക്കുകയും പെൻഷൻ തുകയായ 1200/- രൂപയിൽ 900/- രൂപ സർക്കാർ നൽകുകയും ചെയ്യുന്നു. ബാക്കി 300/- രൂപ ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ ഫണ്ടിൽ നിന്നും നൽകുന്നു. |

| | | | |
|---|---|---|---|
| (സി) | കർഷകർക്ക് ലഭിക്കുന്നതുപോലെ ക്ഷീരകർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുവാൻ പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ക്ഷീരകർഷകർക്ക് കുറഞ്ഞപലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കുന്ന കാര്യം പരിശോധിച്ച് വരികയാണ്. |

**സെക്ഷൻ ഓഫീസർ**